'95506/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2440/2023-PC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 15-05-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ നിയമനം -സംബന്ധിച്ച്:-

സൂചന:- സർക്കാരിന്റെ 24.03.2019 ലെ LBRD-G2/1/2019-LBRD നമ്പർ സർക്കുലർ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങളും സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടത്തേണ്ടതാണെന്ന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ സ്റ്റാഫ് നേഴ്സ് ,മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷക്കാലയളവിലേക്ക് നിയമിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക് വരുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തന്നെ നികത്തുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
for വനിത ശിശു വികസന ഡയറക്ടർ

സോഫി ജേക്കബ്
അസിസ്റ്റന്റ് ഡയറക്ടർ
പെൻ നമ്പർ-457974
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012